(സി) ടൂറിസം പദ്ധതികൾ ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ സമർപ്പിക്കുന്ന ക്രമത്തിൽ വിഭവലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

സർക്കാരിനുവേണ്ടി ഹാജരായ സർക്കാർ അഭിഭാഷകരല്ലാത്തവർ

122 (780)ശ്രീ. ടി.എം. ജേക്കബ് :

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ജോണി നെല്ലൂർ താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹൈക്കോടതിയിലും സുപ്രീംകോടതിയിലും സർക്കാരിനുവേണ്ടി സർക്കാരഭിഭാഷകരല്ലാതെ ഹാജരായി കേസ്സുകൾ നടത്തിയ അഭിഭാഷകർ ആരെല്ലാം;

(ബി) ഇവർക്ക് ഓരോരുത്തർക്കും ഫീസിനത്തിൽ നൽകിയ തുക യെത്ര;

(സി) ഹൈക്കോടതിയിൽ കേസ്സ് വാദിക്കുന്നതിനുവേണ്ടി ഇപ്രകാരം വന്ന ഓരോ അഭിഭാഷകർക്കും യാത്രാബത്തയിനത്തിലും താമസസൗകര്യം നൽകിയ ഇനത്തിലും എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട്;

(ഡി) സുപ്രീംകോടതിയിലും ഹൈക്കോടതിയിലും ഇവർ ഹാജരായ കേസ്സുകൾ ഏതെല്ലാം;

(ഇ) ഇതിൽ എത്ര കേസ്സുകളിൽ സർക്കാർ വിജയിച്ചു; എത്ര കേസ്സുകളിൽ പരാജയപ്പെട്ടു; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

മരുന്നും മറ്റ് ആവശ്യ വസ്തുക്കളും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ

123 (781)ശ്രീ. മോൻസ് ജോസഫ് :

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ഗവൺമെന്റ് ആശുപത്രികളിൽ മരുന്നും മറ്റ് അവശ്യവസ്തുക്കളും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്;

(ബി) മരുന്നുകൾക്കും പ്ലാസ്റ്റർ റോൾ ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾക്കും ക്ഷാമമനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) ഇവ പുറത്തുനിന്നു വാങ്ങേണ്ടിവരുന്നതുമൂലം പാവപ്പെട്ട രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു;

(ഇ) സി.പി.സി. വഴി ഓർഡർ നൽകിയതിനുശേഷവും കമ്പനികൾ മരുന്നു സപ്ലൈ ചെയ്യാതിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)മരുന്നു സ്പ്ളൈ ചെയ്യുന്നത് നിർത്തുവാനുള്ള കമ്പനികളുടെ നീക്കത്തെപ്പറ്റി ഗവൺമെന്റിനു അറിവുണ്ടോ എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയെടുക്കുമെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ഗവൺമെന്റ് ആശുപത്രികളിൽ മരുന്നും മറ്റും സി.പി.സി. വഴിയാണ് വാങ്ങുന്നത്. സി.പി.സി.യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളിൽ നിന്നും ഓരോ വർഷവും സി.പി.സി. മരുന്നുകളുടെ വിലകൾ ശേഖരിക്കുകയും ആയത് മാർക്കറ്റ് വിലയുമായി തട്ടിച്ചു നോക്കി ഗുണനിലവാരം ഉറപ്പാക്കുന്നു. ഈ വിലകൾ പർച്ചേസിംഗ് ഓഫീസർമാരെ അറിയിക്കുകയും അവർ ഈ കമ്പനികളിൽനിന്നും ആവശ്യമായ മരുന്നുകൾ സി.പി.സി. നിശ്ചയിച്ച വിലക്കു വാങ്ങുകയും ചെയ്യുന്നു. ഡി.എം.ഓ. മാർ. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, മെഡിക്കൽ കോളേജു സൂപ്രണ്ടുമാർ, ജില്ലാ സ്റ്റോർ സൂപ്രണ്ടുമാർ തുടങ്ങിയവരാണ് പർച്ചേസിംഗ് ഓഫീസർമാർ.

(ബി) ഇല്ല.

(സി)&(ഡി) ഇല്ല. സർക്കാർ ആശുപത്രികളിലേക്കാവശ്യമായ മരുന്നുകളും ഡിസ്പോസബിൾസും ആവശ്യാനുസരണം വിതരണം ചെയ്തു വരുന്നുണ്ട്. ഏതെങ്കിലും സാധനത്തിന് ക്ഷാമം ഉണ്ടായാൽ ആയത് ലോക്കൽ പർച്ചേഴ്സ് വഴി വാങ്ങാനും ആശുപത്രി സൂപ്രണ്ടിനു അധികാരമുണ്ട്.

(ഇ) സി.പി.സി. വഴി ഓർഡർ നൽകുന്നതിന് മുൻപ് കമ്പനികൾ സി.പി.സി. യുമായി ഒരു എഗ്രിമെന്റും ബാങ്ക് ഗ്യാരന്റിയും സമർപ്പിക്കേണ്ടതുണ്ട്. ഓർഡർ ലഭിച്ചിട്ട് സ്പപ്ലൈ ചെയ്യാതെ വന്നാൽ പർച്ചേസിംഗ് ഓഫീസർമാർ മറ്റു കമ്പനികളിൽ നിന്നോ(സെക്കന്റ് ലോവസ്റ്റ്) പുറത്തുനിന്നോ മരുന്നുകൾ വാങ്ങുന്നതും ഇതുമൂലം നഷ്ടമുണ്ടായാൽ ആയത് ഇതിനു കാരണമായ കമ്പനിയുടെ ബാങ്ക് ഗ്യാരണ്ടിയിൽ നിന്നോ പെൻഡിംഗ് ബില്ലിൽ നിന്നോ കുറവ് ചെയ്യുകയും ചെയ്യുന്നതാണ്. മാത്രമല്ല പ്രസ്തുത കമ്പനിയെ സി.പി.സി. ലിസ്റ്റിൽ നിന്നും നീക്കം ചെയ്യാൻ നടപടികളും കൈക്കൊള്ളുന്നതാണ്.

(എഫ്)കഴിഞ്ഞവർഷത്തെ കുടിശ്ശിക കൊടുത്തു തീർത്തില്ലെങ്കിൽ മരുന്നു സ്പപ്ലൈ നിർത്തിവയ്ക്കുമെന്ന് കമ്പനികൾ അറിയിച്ചിട്ടുണ്ട്. യൂണിയൻ ബഡ്ജറ്റിലുണ്ടായ 8% എക്സൈസ് ഡ്യൂട്ടിയുടെ വർദ്ധന പരിഗണിച്ച് വിലകൾ പുനർ നിർണ്ണയം ചെയ്തില്ലെങ്കിലും മരുന്നുകളുടെ സ്പപ്ലൈ നിർത്തിവയ്ക്കേണ്ടി വരുമെന്ന് എക്സൈസ് പരിധിയിൽ വരുന്ന സാധനങ്ങൾ സ്പപ്ലൈ ചെയ്യുന്ന കമ്പനികൾ അറിയിച്ചിട്ടുണ്ട്. കുടിശ്ശിക കൊടുത്തു തീർക്കുന്ന കാര്യവും എക്സൈസ് ഡ്യൂട്ടിയുടെ വില വർദ്ധനയനുസരിച്ച് വിലകൾ പുനർ നിർണ്ണയം ചെയ്യുന്നകാര്യവും പരിശോധനയിലാണ്.

ക്യാൻസർ രോഗികൾ

124 (782)ശ്രീ. ടി.എം. ജേക്കബ് :

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

LIBRARY ARCHIVES Kerala Legislative Assembly